(4) നിയമസഭ പാസ്സാക്കിയ നിയമത്തിനെതിരായി കോടതിയിൽ ഗവൺമെന്റു ഭാഗത്തുനിന്നുണ്ടായ വാദം

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, നിയമസഭാ സമാജികൻമാരെക്കൂടി നേരിട്ടു ബാധിക്കുന്ന ഒരു കാര്യം ഈ സഭയുടെ മുമ്പാകെ കൊണ്ടു വരുവാൻ ഞാനാഗ്രഹിക്കുകയാണ്. വളരെയധികം പൊതു താൽപ്പര്യമുള്ള, പൊതു പ്രാധാന്യമുള്ള ഒരു നിയമം ഈ നിയമസഭ പാസ്സാക്കി. അതു പാസ്സാക്കിയതിനുശേഷം ചില തൽപ്പരകക്ഷികളും സ്വാർത്ഥപരമായ ആവശ്യങ്ങൾക്കുവേണ്ടി കോടതിയിൽപ്പോയി ആ നിയമം അസാധുവാണെന്ന് വാദിക്കുമ്പോൾ അത് അസാധുവാണെന്ന് ഗവൺമെന്റും ഗവൺമെന്റ് അഡ്വക്കേറ്റും അംഗീകരിച്ചുകൊണ്ടുള്ള നിലപാടെടുത്ത് ഹൈക്കോടതിയെ തെറ്റിദ്ധരിപ്പിച്ചു. ആ നിയമം അസാധുവാണെന്ന് ഹൈക്കോടതിയെക്കൊണ്ട് വിധിപ്പിച്ചു. അത് ഈ നിയമസഭ ഒരിക്കലും അനുവദിച്ചുകൂടാ എന്നാണ് എനിക്ക് പറയുവാനുള്ളത്. അതാണ് ഇവിടെ സംഭവിച്ചത്. Kerala Forest Produce (Fixation of Selling Price) Act,1978 വനവിഭവങ്ങളുടെ വില നിജപ്പെടുത്തുന്നതായിട്ടുള്ള നിയമങ്ങളാ. ആ നിയമം പാസ്സാക്കി. സാധാരണ നിയമങ്ങളിൽ പൊതു താൽപ്പര്യം പരിഗണിച്ചുകൊണ്ട് എക്സംപ്ഷൻ provisions ഉണ്ടാകും. ആ നിയമത്തിൽ നിന്നും ഒഴിവാക്കുന്നതായിട്ടുള്ള പ്രൊവിഷൻ. ആ നിയമത്തിന്റെ വ്യവസ്ഥകളിൽ നിന്നും ആറാം വകുപ്പുപ്രകാരം രണ്ടു വിഭാഗങ്ങളെ ഗവൺമെന്റിന്റെ നോട്ടിഫിക്കേഷൻ പ്രകാരം ഒഴിവാക്കാം. (1) കേന്ദ്ര സംസ്ഥാന സർക്കാർ നടത്തുന്ന ഏതാനും വ്യവസായ സ്ഥാപനങ്ങളും. (2) സംസ്ഥാന സഹകരണമേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങളെ ചില പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് സെക്ഷൻ 6 (എ) യും (ബി)യും പ്രകാരം ഉള്ള ഒഴിവാക്കൽ. ആ ഉദ്ദേശം പ്രധാനമായും വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയെ ഉദ്ദേശിച്ചായിരുന്നു. വെള്ളൂരിലെ ഹിന്ദുസ്ഥാൻ പേപ്പർ മിൽസിനു ഗവൺമെന്റ് ഈ നിയമപ്രകാരം വില നിശ്ചയിച്ചിട്ടുണ്ടെങ്കിൽ കൂടി അതിൽ കുറഞ്ഞ വിലയ്ക്ക് കരാറിന്റെ അടിസ്ഥാനത്തിൽ കൊടുക്കുവാനായിട്ട് ഉള്ള അധികാരം ഗവൺമെന്റിന്റെ പൊതു താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ഒഴിവാക്കുന്ന വകുപ്പ് പാസ്സാക്കിയത്. പക്ഷേ ആ വകുപ്പ് അസാധുവാണെന്ന് മാവൂരിലെ ബിർളയുടെ ഗ്വാളിയർ റയോൺസ് വാദിച്ചു. അവർ പറഞ്ഞു എക്സംപ്ഷൻ കൊടുക്കുന്നുണ്ടെങ്കിൽ ഞങ്ങൾക്കും എക്സംപ്ഷൻ കിട്ടണം. അല്ലെങ്കിൽ എക്സംപ്ഷൻ ശരിയല്ലെന്നു പറയണം. ഗവൺമെന്റും ഗവൺമെന്റിന്റെ അന്നത്തെ അഡ്വക്കേറ്റും വിവേചനപരമായിട്ട് ഇത് അസാധുവാണെന്ന് വാദിക്കുകയുണ്ടായി. അതിലും ഉപരിയായി മറ്റൊരു കാര്യം ഹൈക്കോടതിയിൽ വാദിച്ചത് സ്വകാര്യ വിഭാഗത്തിലുള്ള വ്യവസായ സ്ഥാപനങ്ങൾ കൂടുതൽ സ്വന്തം സാധനങ്ങൾ വിൽക്കുന്നതുകൊണ്ട് പൊതു താൽപ്പര്യത്തെ പരിഗണിച്ചുകൊണ്ട് സ്വകാര്യവിഭാഗങ്ങൾക്കാണ് ആനുകൂല്യങ്ങൾ കൊടുക്കേണ്ടത് എന്നു വാദിക്കുകയും ഹൈക്കോടതി ജഡ്ജിമാർ അത് സ്വീകരിക്കുകയും ചെയ്തു. ഇത് സുപ്രീം കോടതിയിൽ വരുന്ന സമയത്ത് അദ്ദേഹം മരിച്ചിട്ടില്ലായിരുന്നു. ആ ഗവൺമെന്റ് അഡ്വക്കേറ്റ് മരിച്ചത് ഹൈക്കോടതി വിധിക്കു ശേഷം ഒരു കൊല്ലം കഴിഞ്ഞിട്ടാണ്. ആ ഒരു കൊല്ലം ഗവൺമെന്റിന്റെ അഡ്വക്കേറ്റിന്റെ പേരിൽ ഒരു നടപടിയും എടുത്തിട്ടില്ല. ഞാൻ മനസ്സിലാക്കുന്നത് ആ ഗവൺമെന്റ് അഡ്വക്കേറ്റ് ഗ്വാളിയർ റയോൺസിന്റെ മാനേജർമാരുടെ നിർദ്ദേശങ്ങളും.

LIBRARY ARCHIVES Kerala Legislative Assembly

കൽപ്പനകളും സ്വീകരിച്ചുകൊണ്ട് അവരുടെ നിർദ്ദേശപ്രകാരമാണ് ആ ഗവൺമെൻറ് അഡ്വക്കേറ്റ് കോടതിയെ ബോധിപ്പിച്ചതെന്നാണ്. ആ അഡ്വക്കേറ്റിൻറെ പേരിൽ അദ്ദേഹം മരിക്കുന്നതിനു മുമ്പ് യാതൊരു നടപടിയും എടുത്തിട്ടില്ല. അതിനുശേഷം ആ വിധി ബഹുമാനപ്പെട്ട ഗവൺമെൻറിൻറെ മുമ്പാകെ കൊണ്ടു വന്നു. അപ്പീൽ ഫയൽ ചെയ്യേണ്ട എന്ന് ഗവൺമെൻറ് തീരുമാനിച്ചു. പക്ഷേ ഇതിൽ ബന്ധപ്പെട്ടിട്ടുള്ള ഹിന്ദുസ്ഥാൻ പേപ്പർ മിൽസ് അപ്പീൽ ഫയൽ ചെയ്തു. സംസ്ഥാന ഗവൺമെൻറിനേയും ഗ്വാളിയോർ റയോൺസിനേയും കൂട്ടു പ്രതികളാക്കി. കേന്ദ്ര ഗവൺമെൻറിൻറെ പൊതു മേഖലാസ്ഥാപനമായിട്ടുള്ള ഹിന്ദുസ്ഥാൻ പേപ്പർ മിൽസ് അപ്പീൽകാരൻ. അതിൻറെ അടിസ്ഥാനത്തിൽ സുപ്രീം കോടതി ഈ കഴിഞ്ഞ 1986 ഏപ്രിൽ 16-ാം തീയതി സുവർണ്ണ രേഖയിൽ എഴുതുവാൻ സാധിക്കുന്ന ഒരു വിധി ജഡ്ജിമാരായ ഇ. എസ്. വെങ്കിട്ടരാമയ്യയും എം. പി. താക്കറും പ്രസ്താവിച്ചിട്ടുണ്ട്. ആ വിധിയിൽ ഈ വാങ്ങേളെയെല്ലാം നിരാകരിച്ചിട്ടുണ്ട്. ഈ വാങ്ങേളെല്ലാം തെറ്റാണെന്നു പറഞ്ഞിട്ടുണ്ട്. ഗവൺമെൻറ് അഡ്വക്കേറ്റ് പറഞ്ഞതിൻറെ അടിസ്ഥാനത്തിൽ ഇത് സ്വീകരിച്ചത് തെറ്റാണെന്നു പറഞ്ഞിട്ടുണ്ട്. എന്തടിസ്ഥാനത്തിലാണ് ആ വാദങ്ങളെല്ലാം സംസ്ഥാന ഗവൺമെൻറ് ഉന്നയിച്ചത്? സുപ്രീം കോടതിക്ക് മനസ്സിലാകുന്നില്ലെന്നു പറഞ്ഞിട്ടുണ്ട്. ഇനി സർക്കാർ ഇത്തരം നിയമങ്ങൾ പാസ്സാക്കുമ്പോൾ സൂക്ഷിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. കാരണം നമ്മൾ പാസ്സാക്കുന്ന നിയമം കോടതിയിൽ പോയിക്കഴിഞ്ഞാൽ കൈയൊഴിയുന്നതായിട്ടുള്ള രംഗമാണ് നമുക്ക് കാണാൻ കഴിയുന്നത്. ഗവൺമെൻറ് യാതൊരു നടപടിയും എടുത്തിട്ടില്ല. ഗവൺമെൻറ് അപ്പീലും ഫയൽ ചെയ്തിട്ടില്ല. ഈ രണ്ടു സ്ഥിതിവിശേഷവും നേരിട്ട് കുറ്റക്കാരാണെന്നു തെളിയിക്കുകയാണ്. നിങ്ങൾക്ക് നാണമുണ്ടെങ്കിൽ രാജി വച്ചു പുറത്തുപോകൂ എന്നു പറഞ്ഞുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

വനംവകുപ്പു മന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ചന്ദ്രശേഖരൻ ഉന്നയിച്ച കാര്യം ശരിയാണ്. കേരളത്തിലെ വനോൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്ന നിയമത്തിലെ ആറാമത്തെ വകുപ്പ് സ്റ്റേറ്റിൻറെ പൊതു താൽപ്പര്യത്തിനുവേണ്ടി ഗവൺമെൻറ് വില നിശ്ചയിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷനിൽ വിലയിൽ മാറ്റം വരുത്താൻ അധികാരം നൽകുന്ന വകുപ്പാണ്. ആ വകുപ്പിനെ ചോദ്യം ചെയ്തുകൊണ്ട് കേരളാ ഹൈക്കോടതിയിൽ ഗ്വാളിയർ റയോൺസും പുനലൂർ പേപ്പർ മില്ലുകാരും ഒരു കേസ് ഫയൽ ചെയ്തു. പക്ഷപാതപരമായിട്ടുള്ളതാണ് (6-ാം വകുപ്പ്) എന്നുള്ളതാണ് കേസ്സിലെ കാര്യം. ഹൈക്കോടതിയുടെ വിധി 15-4-1981-ൽ വന്നു. അന്ന് കോടതിയിൽ ഗവൺമെൻറിനുവേണ്ടി വാദിച്ച വക്കീൽ ശ്രീ. ടി. സി. എൻ. മേനോൻ ആണെന്നു തോന്നുന്നു. അദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പില്ലാത്തതുകൊണ്ട് അദ്ദേഹത്തിൽ നിന്നും അദ്ദേഹത്തിൻറെ ഏതടിസ്ഥാനത്തിലാണ് കോടതിയിൽ ഈ വാദം നടത്തിയത് എന്നു ചോദിക്കുവാൻ ഇപ്പോൾ ഗവൺമെൻറിന് സാദ്ധ്യമല്ല. ഗവൺമെൻറിൻറെ ഫയലുകളെല്ലാം നോക്കിയപ്പോൾ ഈ കേസ് ഇന്നതുപോലെ വാദിക്കണമെന്നു പറഞ്ഞുകൊണ്ട് ഗവൺമെൻറിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം കൊടുത്തതായി കാണുന്നില്ല. ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞതുപോലെ ഈ കേസ്സിൽ അപ്പീൽ കൊടുക്കണമെന്ന് ഗവൺമെൻറിൻറെ

LIBRARY ARCHIVES Kerala Legislative Assembly

വക്കീൽ ഗവൺമെൻറിലേയ്ക്ക് എഴുതുകയോ അതിന്റെ അടിസ്ഥാനത്തിൽ ഈ കേസ്സിൽ അപ്പീൽ കൊടുക്കേണ്ടതില്ലെന്ന് ഗവൺമെൻറ് അങ്ങോട്ട് നിർദ്ദേശം കൊടുത്തതായോ ഗവൺമെൻറിന്റെ ഫയലിൽ കാണുന്നില്ല. അങ്ങനെ ഒരു ഫയലും ഇപ്പോഴും ഗവൺമെൻറിന്റെ കയ്യിൽ ഇല്ല. ഏതായാലും ഇങ്ങനെയൊരു കേസ് വന്നു. ഹൈക്കോടതിയിൽനിന്നും ഞാൻ പറഞ്ഞതുപോലെ 15—4—1981—ൽ ആ നിയമത്തിനെതിരായി വിധിയുണ്ടായി. ഈ കേസ്സിനെതിരായി ന്യൂസ് പ്രിൻറ് ഫാക്ടറി സുപ്രീം കോടതിയിൽ അപ്പീലിനു പോയി. ആ അപ്പീൽ വാദം നടക്കുന്ന അവസരത്തിൽ ഗവൺമെൻറ് അതിൽ H.P.C. യുടെ ഭാഗം ചേർന്ന് ആറാം വകുപ്പ് നിലനിറുത്തുന്നതിനുവേണ്ടി, ഗവൺമെൻറിനുവേണ്ടി ഹാജരായ വക്കീൽ സുപ്രീം കോടതിയിൽ വാദിക്കുകയും, ആ വാദം സുപ്രീം കോടതി രേഖപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആറാം വകുപ്പ് സംരക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സർ, ഞാൻ എല്ലാ കാര്യവും പറഞ്ഞു. സുപ്രീം കോടതിയുടെ ജഡ്ജ്മെൻറ് വന്നത് 16—4—1986—ലാണ്. ഞാൻ പറഞ്ഞുവന്നതിന്റെ അർത്ഥം, പഴയ കാര്യത്തെക്കുറിച്ച് അന്വേഷിക്കാനാണെങ്കിൽ ഈ പറഞ്ഞ കാര്യം ഗവൺമെൻറ് ഫയലുകളിൽ ഒന്നിലും കാണുന്നില്ല. പിന്നെ അന്ന് ഹാജരായ വക്കീലിനോട് ചോദിക്കാമെന്നുവച്ചാൽ അദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പില്ല. ഈ കേസ്സിന്റെ പ്രസക്തമായ ഭാഗം എന്താണെന്നുവച്ചാൽ, ഈ തീരുമാനം വിവേചനപരമാണെന്നും അതുകൊണ്ട് ആറാം വകുപ്പ് നിലനിൽക്കുമ്പോൾ മറ്റുള്ള വകുപ്പുകളുടെ താൽപ്പര്യം അപകടത്തിലാകും എന്നതായിരിക്കാം. ആറാം വകുപ്പും അതിനോടനുബന്ധിച്ചുള്ള നോട്ടിഫിക്കേഷനുകളും റദ്ദാക്കണമെന്നാണ് വാദഗതി ഉയർന്നു വന്നിരുന്നതെങ്കിൽ ഒരുപക്ഷേ ആറാം വകുപ്പിന്റെ പിന്നാലെ പോയി ഈ നോട്ടിഫിക്കേഷനു അപകടം വരുത് എന്നതിന്റെ അടിസ്ഥാനത്തിൽ വാദിക്കാം. പക്ഷെ എങ്ങനെ വാദിച്ചിരിക്കുമെന്ന്, രൂപമില്ല. ഏതായാലുംശരി 6—ാം വകുപ്പ് ന്യൂസ് പ്രിൻറ് ഫാക്ടറിക്ക് പ്രത്യേകമായിട്ട് വില കുറച്ചുകൊടുക്കാൻ ഗവൺമെൻറിന് അധികാരം നൽകുന്ന ഒരു വകുപ്പാണ്. ആ വകുപ്പു നിലനിൽക്കേണ്ടതിന് നിയമം പാസ്സാക്കി എടുത്ത നിലയിൽ നമുക്ക് അത് ആവശ്യവുമാണ്. പക്ഷെ അന്നത്തെ സാഹചര്യമെന്താണെന്ന് നമുക്ക് ഊഹിക്കാൻ കഴിയാത്തതുകൊണ്ട് എന്തടിസ്ഥാനത്തിലാണ് ഗവൺമെൻറ് വക്കീൽ കോടതിയിൽ ആ നിലപാട് സ്വീകരിച്ചതെന്ന് ഇപ്പോഴും പറയാൻ സാധ്യമല്ല. ഗവൺമെൻറിന്റെ ഫയലുകളിൽ ഇതൊന്നും വ്യക്തമല്ല. അങ്ങനെയൊരു നിർദ്ദേശം ഗവൺമെൻറ് കൊടുത്തില്ല. മറ്റൊരു അപ്പീൽ കൊടുത്ത അവസരത്തിൽ ആണെങ്കിൽപ്പോലും ഗവൺമെൻറിനുവേണ്ടി ഹാജരായ വക്കീൽ, ഈ ആറാം വകുപ്പ് നില നിൽക്കുന്നതിന് അനുകൂലമായ നിലപാട് സുപ്രീം കോടതിയിൽ സ്വീകരിച്ചതുകൊണ്ടുകൂടിയാണ് സുപ്രീം കോടതി അതിന് അനുകൂലമായ നിലപാട് സ്വീകരിച്ചതും ജഡ്ജ്മെൻറ് വന്നിട്ടുള്ളതും.

IV. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട്

10 A.M.]

ശ്രീ. എം. എം. ഹസ്സൻ: സർ, അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 26—ാമത് റിപ്പോർട്ട് ഞാൻ സഭയിൽ വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly